"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് - ജീവനക്കാര്യം - കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിലെ സീനിയർ അസിസ്റ്റന്റ് ഗ്രേഡ് I, ശ്രീ. രാംജിത്ത് ജി.വി.-യെ, തിരുവനന്തപുരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്ക് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.605/2024/LBR    തീയതി,തിരുവനന്തപുരം, 06-06-2024

---

പരാമർശം:-

1. 10/05/2013-ലെ 42/2013/ധന നമ്പർ സർക്കുലർ.
2. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 06/02/2024-ലെ TWWFB/CEO/70/2024-B1 നമ്പർ കത്ത്.

**ഉത്തരവ്**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ ഒഴിവുള്ള സീനിയർ ക്ലർക്ക് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിനായി ആലപ്പുഴ ജില്ലയിൽ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ സീനിയർ അസിസ്റ്റന്റ് ഗ്രേഡ് I ആയി ജോലിചെയ്തു വരുന്ന ശ്രീ. രാംജിത്ത് ജി.വി. സമർപ്പിച്ച അപേക്ഷ, ടി ബോർഡ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ ശിപാർശ ചെയ്ത് പരാമർശം (2) പ്രകാരം സർക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ മേൽ ശിപാർശ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ആലപ്പുഴ ജില്ലയിൽ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ സീനിയർ അസിസ്റ്റന്റ് ഗ്രേഡ് I ആയ ശ്രീ. രാംജിത്ത് ജി.വി.-യെ അന്യത്രസേവന നിയമനം സംബന്ധിച്ച നിലവിലെ ചട്ടങ്ങൾക്കും പരാമർശം (1) സർക്കുലറിലെ നിബന്ധനകൾക്കും വിധേയമായി, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തിരുവനന്തപുരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്ക് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള നിയമന ഉത്തരവ് ലഭിച്ചതിനു ശേഷം മാത്രമേ ശ്രീ. രാംജിത്ത് ജി.വി.-യെ മാതൃവകുപ്പിൽ നിന്നും വിടുതൽ ചെയ്യുവാൻ പാടുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, കലവൂർ പി.ഒ., ആലപ്പുഴ – **688 522.**
ശ്രീ. രാംജിത്ത് ജി.വി., സീനിയർ ക്ലർക്ക് (കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മുഖേന).
ഡയറക്ടർ, ഐ. & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ).
സംഭരണ ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. **LBRD-H1/23/2024-LBRD).**

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
സെക്ഷൻ ഓഫീസർ
Date: 06-06-2024 17:05:02

പകർപ്പ്:- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്.